# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 409** **10.03.2015 ൽ മറുപടിക്ക്**

**പുതിയ റെയിൽപ്പാതകളുടെ തുടർപ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ റെയിൽ പ്പാതകൾക്കായി സർവ്വേകൾ നടത്തുന്നുണ്ടെങ്കിലും അവ യൊന്നും നടപ്പിലാക്കുന്നതിനുള്ള തുടർ പ്രവൃത്തികൾ നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. |
| (സി) | സർവ്വേകൾ പൂർത്തിയാക്കിയ ശേഷം തുടർ പ്രവൃത്തികൾ നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ; | (സി) | കാലാകാലങ്ങളായി റെയിൽവേ പ്രഖ്യാപിക്കുന്ന പുതിയ റെയിൽവേ ലൈനുകൾക്കുള്ള സർവ്വേ പൂർത്തീകരിച്ച് റെയിൽവേ ബോർഡിന് സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ സാമ്പത്തിക മെച്ചം (Economic viability) നേടുന്നതിനുള്ള ന്യായീകരണങ്ങൾ ഉൾക്കൊള്ളുന്ന വയ്ക്കാണ് സാധാരണയായി റെയിൽവേ അംഗീകാരം നൽകുന്നത്. അങ്ങനെ അംഗീകാരം ലഭിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ടിന്റെ ദൗർലഭ്യം ബാധിക്കാറുണ്ട്. പുതിയ ലൈനുകളുടെ അലൈൻമെന്റ് അന്തിമമായി തീരുമാനിക്കുന്നതും സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതും ഇത്തരം പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കുന്ന മറ്റു കാരണങ്ങളാണ്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വേ പൂർത്തിയാക്കിയ ഏതെങ്കിലും റയിൽവേ പാതയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ